# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. - 1334 11.02.2016- ൽ മറുപടിക്ക്

## പാലത്ത് പാലോളി താഴം റോഡിന്റെ നിർമ്മാണം

**ചോദ്യം**

**ശ്രീ.എ. കെ. ശശീന്ദ്രൻ**

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ പാലത്ത് പാലോളി താഴം റോഡിന്റെ 0/000 - 4/400 വരെയുള്ള പ്രവൃത്തികൾക്ക് എത്ര ലക്ഷം രൂപയുടെ ഭരണാനുമതി യാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ പാലത്ത് പാലോളി താഴം റോഡിന്റെ കി.മി. 0/000 മുതൽ 4/400 വരെയുള്ള പ്രവൃത്തികൾക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത റോഡിന്റെ എത്ര കിലോ മീറ്റർ വരെ പ്രവൃത്തി പൂർത്തീകരി ച്ചിട്ടുണ്ടെന്നും ബാക്കി ഭാഗത്തെ പ്രവൃത്തി എന്തുകൊണ്ടാണ് കരാറുകാരൻ പൂർത്തീകരിക്കാത്ത തെന്നും വെളിപ്പെടുത്താമോ; | (ബി) | പ്രസ്തുത റോഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കാരണമാണ് കരാറുകാരന് റോഡ് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. |
| (സി) | ബാക്കി വരുന്ന റോഡിന്റെ പ്രവൃത്തിയ്ക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയ തെന്ന് വെളിപ്പെടുത്താമോ; | (സി) | 81,42,000/-രൂപയുടെ എസ്റ്റിമേറ്റാണ് ബാക്കി വരുന്ന പ്രവൃത്തിയ്ക്ക് കണക്കാക്കിയിട്ടുള്ളത്. |
| (ഡി) | പാലത്ത് പാലോളി താഴം റോഡിന്റെ പൂർണ്ണമായ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ? | (ഡി) | നിലവിലുള്ള പ്രവൃത്തി അവസാനിപ്പിച്ച കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ശുപാർശയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനാവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ പൊതു മരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ